ജന്മഭൂമി

10 June 2026

# പുതുവൈപ്പ് ബീച്ചില്‍ നിന്ന് 300 കിലോ മാലിന്യം നീക്കം ചെയ്ത് സിഎംഎഫ്ആര്‍ഐ

കൊച്ചി: ലോക സമുദ്രദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആര്‍ഐ നടത്തിയ ശുചീകരണത്തില്‍ പുതുവൈപ്പ് ബീച്ചില്‍ നിന്ന് നീക്കം ചെയ്തത് 300 കിലോയിലേറെ മാലിന്യം. സഞ്ചാരികളും പ്രദേശവാസികളും വന്‍തോതില്‍ എത്തുന്ന പുതുവൈപ്പ് ബീച്ചില്‍ പ്ലാസ്റ്റിക് കുപ്പികള്‍, ഭക്ഷണപ്പൊതികളുടെ അവശിഷ്ടങ്ങള്‍, ഉപേക്ഷിക്കപ്പെട്ട വള്ളങ്ങളുടെയും വലകളുടെയും ഭാഗങ്ങള്‍ തുടങ്ങിയ മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിരുന്നത്.

സിഎംഎഫ്ആര്‍ഐ സംഘം ഇവ ശേഖരിക്കുകയും തരംതിരിച്ച് മാറ്റുകയും ചെയ്തു. സിഎംഎഫ്ആര്‍ഐയുടെ മറൈന്‍ ബയോഡൈവേഴ്സിറ്റി എന്‍വയോണ്‍മെന്റ് ആന്‍ഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാര്‍ത്ഥികളുമാണ് ശുചീകരണത്തിന് നേതൃത്വം നല്‍കിയത്. കടല്‍ മലിനീകരണത്തിനെതിരെ പൊതുജനങ്ങള്‍ക്കിടയില്‍ അവബോധം സൃഷ്ടിക്കുകയും ഉത്തരവാദിത്തത്തോടെയുള്ള മാലിന്യ സംസ്കരണ ശീലങ്ങള്‍ വളര്‍ത്തുകയുമാണ് ലക്ഷ്യം. തീരദേശ പരിസ്ഥിതിക്കും കടല്‍ജീവികള്‍ക്കും പൊതുജനാരോഗ്യത്തിനും പ്ലാസ്റ്റിക് അടക്കമുള്ള സമുദ്രമാലിന്യങ്ങള്‍ ഉയര്‍ത്തുന്ന ഭീഷണി അതീവ ഗുരുതരമാണെന്നും വിദഗ്ധര്‍ ചൂണ്ടിക്കാട്ടി.



പുതുവൈപ്പ് ബീച്ചില്‍ സിഎംഎഫ്ആര്‍ഐ സംഘം ശുചീകരണം നടത്തുന്നു